**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6541.** **03.04.2018 ൽ മറുപടിയ്ക്ക്**

**പുതിയ മദ്യശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി എത്ര ബാറുകൾ പൂട്ടി എന്നറിയിക്കാമോ ; | (എ) | മുൻ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി 720 ബാറുകൾ പൂട്ടിയിരുന്നു. |
| (ബി) | ദേശീയ സംസ്ഥാന പാതയോരത്ത് നിന്നും 500 മീറ്റർ ദൂരപരിധിയിലുള്ള മദ്യശാലകൾ പൂട്ടണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്ര കള്ള് ഷാപ്പുകൾ , ബീയർ-വൈൻ പാർലറുകൾ, മദ്യവില്പനശാലകൾ, ബാറുകൾ എന്നിവ പൂട്ടുകയുണ്ടായി; | (ബി) | ബഹു.സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 1131 കള്ള് ഷാപ്പുകളും, 606 ബീയർ-വൈൻ പാർലറുകളും, 11 ബാറുകളും, 112 വിദേശ മദ്യവില്പന ശാലകളും അടച്ചു പൂട്ടുകയുണ്ടായി |
| (സി) | പൂട്ടിയ എത്ര കള്ള് ഷാപ്പുകൾ, ബീയർ - വൈൻ പാർലറുകൾ, മദ്യവില്പനശാലകൾ, ബാറുകൾ എന്നിവ ഈ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി 2018 ജനുവരി 31 വരെ തുറന്നു; | (സി) | ബഹു.സുപ്രീംകോടതി മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയിൽ മദ്യശാലകൾ അനുവദിക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, പൂട്ടിയ 257 കള്ളു ഷാപ്പുകളും, 318 ബിയർ/ വൈൻ പാർലറുകളും, 102 ബാറുകളും 31/01/2018 വരെ തുറന്നിട്ടുണ്ട്. കൂടാതെ, സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മാറ്റി സ്ഥാപിക്കേണ്ടി വന്ന 179 മദ്യശാലകളിൽ നിന്ന് 2018 ജനുവരി 31 വരെ 171 ചില്ലറ വില്പന ശാലകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ ബാറുകൾക്ക് അനുമതി നൽകിയെന്നതിന്റെ വിശദാംശം നൽകുമോ? | (ഡി) | ഈ സർക്കാരിന്റെ കാലത്ത് 77 പുതിയ ബാറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**